# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **13-02-2024 - ൽ മറുപടിയ്ക്ക്**

## യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷം യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം വഴി അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് എത്ര ഇന്നവേറ്റിവ് സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗാം (YIP)-ന്റെ ലക്ഷ്യം, സംരംഭങ്ങൾ സൃഷ്ടിക്കുക എന്നത് മാത്രമല്ല ഗവേഷണം, ഉൽപ്പന്നവികസനം, സോഷ്യൽ എന്റർപ്രൈസ് എന്നിവയിൽ അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് അവരുടെ ആശയങ്ങളുമായി മുന്നോട്ട് പോകുന്നതിനും നൂതനാശയം സമർപ്പിക്കുന്ന വിദ്യാർത്ഥി കൂട്ടായ്മകൾക്ക് ധനസഹായവും മാർഗനിർദേശ പിന്തുണയും നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. 2023-24 ൽ YIP -യുടെ മൂന്നാം പതിപ്പിൽ 25 പ്രോജക്ടുകൾ ഉടലെടുക്കുകയുണ്ടായി. ഇതേ കാലയളവിൽ YIP 4.0-ൽ 114 പ്രോജക്ടുകൾ ആരംഭിച്ചു. |
| (ബി) | ആയവയിൽ സംസ്ഥാനത്ത് ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ട യംഗ് ഇന്നവേറ്റിവ് സംരംഭങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | 2023-24 ൽ YIP -യിൽ നിന്ന് പേറ്റന്റിനായി ഫയൽ ചെയ്ത രണ്ട് ശ്രദ്ധേയമായ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.<br><br>1) മണ്ണുത്തിയിലെ വെറ്ററിനറി & ആനിമൽ സയൻസസ് കോളേജിലെ അഞ്ച് വിദ്യാർത്ഥികൾ വികസിപ്പിച്ച, കന്നുകാലികളിൽ കൃത്രിമ ബീജസങ്കലന ത്തിനുള്ള ഭാഗികമായി യന്ത്രവൽക്കരിച്ച ഗൺ.<br>2) എറണാകുളം നോർത്ത് പറവൂരിലെ എസ്എൻഎച്ച്എസ്എസ്-ലെ രണ്ട് വിദ്യാർത്ഥികൾ വികസിപ്പിച്ചെടുത്ത ഊർജ്ജ സംരക്ഷണ പാചക പാത്രങ്ങൾ. |
| (സി) | ഭാവിയിൽ യംഗ് ഇന്നവേറ്റിവ് പ്രോഗ്രാം മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിനെ പരമാവധി വിദ്യാർത്ഥികളിൽ എത്തിക്കുവാനും അതിനെ സ്കൂൾ/ കോളേജ് പാഠ്യപദ്ധതിയും അധ്യാപന രീതിശാസ്ത്രവുമായി സമന്വയിപ്പിക്കാനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി അതിനെ സ്കൂൾ, കോളേജ്, സർവ്വകലാശാല കലണ്ടറുകളുമായി സംയോജിപ്പി ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | APJ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, YIP-ൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആക്ടിവിറ്റി പോയിന്റുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിലും ഇത്തരം പ്രോത്സാഹന പോയിന്റുകൾ നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ചു വരു |

സെക്ഷൻ ഓഫീസർ